# ഇഷ്ടപ്രാണേശ്വരിയെ സൃഷ്ടിച്ച കാമുകൻ

കഴിഞ്ഞ ആഴ്ച മാധ്യമങ്ങളിൽ കണ്ട റിപ്പോർട്ടാണ്. കമ്പ്യൂട്ടർ പ്രോഗ്രാമിംഗിലും കൃത്രിമ ഇന്റലിജൻസ് വിഷയത്തിലും വിദഗ്ധനായ ഒരു ചെറുപ്പക്കാരൻ വധുവിനെത്തേടി നടക്കുകയായിരുന്നു, വളരെക്കാലം. കല്യാണികളെയും കളവാണികളെയും കണ്ടു. കണ്ണാളിനെയും പെണ്ണാളിനെയും ഇന്റർവ്യു ചെയ്തു. താമസമെന്തേ വരുവാൻ പ്രാണസഖീ എൻ മുമ്പിൽ എന്നു പാടിനടന്നു. ആരെയും കിട്ടിയില്ല. അതിനിടയ്ക്ക് നീ എന്താ ഇതുവരെ കല്യാണം കഴിക്കാത്തത്. വയസ് 30 കഴിഞ്ഞല്ലോ – അമ്മയുടെ പരാതി. അവസാനം ആ പാവം കമ്പ്യൂട്ടർ വിദഗ്ധൻ ഒരു അറ്റകൈ പ്രയോഗത്തിന് മുതിർന്നു. എനിക്ക് പറ്റിയ പെണ്ണിനെ ഞാൻ സൃഷ്ടിക്കും. ആരുണ്ട് ചോദിക്കാൻ? തന്റെ മനസ്സിലിരുപ്പുപോലെ ഒരു റോബോട്ട് പെണ്ണിനെ അയാൾ ഉണ്ടാക്കിയെടുത്തു. ആ റോബോട്ടിന് യിംഗ് യാങ് എന്നു പേരും ഇട്ടു. ഏതാണ്ട് എട്ടാഴ്ചക്കാലം ആ റോബോട്ട് പെണ്ണുമായി ഡെയിറ്റിംഗ്. ഡെയിറ്റിംഗിൽ പ്രശ്നമൊന്നുമില്ലായിരുന്നു. അങ്ങനെ ആ ബന്ധം വിവാഹത്തിൽ കലാശിച്ചു. പരമ്പരാഗതമായ എല്ലാ ചടങ്ങുകളോടും കൂടി വിവാഹം കെങ്കേമമായി നടന്നു. വിവാഹം നടന്നെങ്കിലും അത് രജിസ്റ്റർ ചെയ്യാൻ ഇതുവരെ പറ്റിയിട്ടില്ല. കാരണം രജിസ്ട്രാറുടെ മനസ്സിൽ കൺഫ്യൂഷൻ. നിയമം വ്യക്തമല്ല. ഒരു റോബോട്ടുമായി നടത്തുന്ന വിവാഹം രജിസ്റ്റർ ചെയ്യാൻ പറ്റുമോ? നിയമത്തിൽ അതിന് പഴുതുണ്ടോ? നിന്റെ സ്വയേച്ഛപ്രകാരമാണോ, മുഴുമനസ്സോടെയാണോ നീ ഈ കല്യാണത്തിനു സമ്മതിക്കുന്നത് എന്നു ചോദിച്ചാൽ റോബോട്ട് മറുപടി പറയും. കാരണം അതിന് കൃത്രിമ ഇന്റലിജൻസ് നൽകിയിട്ടുണ്ട്.

ഈ സംഭവം വിരൽചൂണ്ടുന്നത് ചൈനയിലെ ചെറുപ്പക്കാർ നേരിടുന്ന ഒരു വലിയ പ്രശ്നത്തിലേക്കാണ്. ചൈനയിൽ ഇന്ന് 114 പുരുഷന്മാർക്ക് 100 സ്ത്രീകൾ മാത്രമേയുള്ളൂ. കഴിഞ്ഞ 60 കൊല്ലക്കാലം ചൈനയിൽ വളരെ കർശനമായി നടപ്പിലാക്കിയ "ഒരു കുടുംബത്തിൽ ഒരു കുട്ടി" എന്ന നയത്തിന്റെ ഫലമാണ് ഈ സ്ഥിതി എന്നു പറയാം. ഒരു കുടുംബത്തിൽ ഒരു കുട്ടിയെമാത്രമേ ജനിക്കാൻ അനുവദിക്കൂ എന്നാണ് നിയമമെങ്കിൽ ആ കുട്ടി 'ആണ്' ആയിക്കോട്ടെ എന്ന് ചൈനീസ് ദമ്പതികൾ വളരെപ്പേർ കരുതി. അതിന്റെ ഫലമായി ഗർഭത്തിലുണ്ടായ പെൺകുട്ടികൾ പലരേയും നശിപ്പിച്ചുകളഞ്ഞ് ആൺകുട്ടിക്കുവേണ്ടി കാത്തിരുന്നു. ഏതായാലും ഇന്ന് കുറേയധികം ചൈനീസ് യുവാക്കൾ ചൈനയിൽ പെണ്ണുകിട്ടാതെ തായ്‌ലന്റിലും വിയറ്റ്നാമിലും കംബോഡിയയിലും ചെന്ന് വധുവിനെ കണ്ടുപിടിക്കുന്നതിനിടയ്ക്കാണ് നമ്മുടെ കമ്പ്യൂട്ടർ വിദഗ്ധന്റെ റോബോട്ട് വധുവിന്റെ വരവ്.

ഇന്ന് ചൈനയിലും പല പാശ്ചാത്യരാജ്യങ്ങളിലും യന്ത്രമനുഷ്യർ സാധാരണ മനുഷ്യർക്ക് പകരം പല ജോലികളും ചെയ്യാൻ നിയോഗിക്കപ്പെടുന്നു. ഹോട്ടലുകളിൽ റിസപ്ഷനിസ്റ്റുകളായും വെയിറ്റർമാരായും ഇന്ന് റോബോട്ടുകൾ പ്രവർത്തിക്കുന്നു. ചില പ്രയാസമേറിയ യന്ത്രഭാഗങ്ങൾക്കുള്ളിൽ കടന്ന് വെൽഡിംഗ് മുതലായവ സമർത്ഥമായി നിർവഹിക്കാനും, സങ്കീർണമായ ചില ശസ്ത്രക്രിയകൾ കാര്യക്ഷമമായി ചെയ്യാനും മറ്റും ഇന്ന് റോബോട്ടുകൾ എന്ന യന്ത്രമനുഷ്യരെ ഉപയോഗിക്കാൻ തുടങ്ങിക്കഴിഞ്ഞു. പക്ഷെ, തൊട്ടാൽ അറിയുന്നതും (Touch sensitive) പ്രതികരണശേഷിയുള്ളതും (Interactive) നമ്മോട് വൈകാരികമായ അടുപ്പം കാണിക്കാൻ കഴിവുള്ളതുമായ റോബോട്ടുകളെ തയ്യാറാക്കുന്നതിൽ ശാസ്ത്രം വിജയം കണ്ടിരിക്കുന്നു. മുൻകൂട്ടി പ്രോഗ്രാം ചെയ്തിട്ടുള്ള വിധത്തിൽ ഓരോ കാര്യത്തിലും പ്രതികരിച്ച് പ്രവർത്തിക്കാൻ കഴിവുള്ള റോബോട്ടുകൾ പല മേഖലകളിലും മനുഷ്യരേക്കാൾ വൈദഗ്ധ്യപൂർവം സേവന മനുഷ്ഠിക്കാൻ കഴിവുള്ളവരാണ്. ഇത്തരം യന്ത്രമനുഷ്യരെ ഉപയോഗിച്ച് നമ്മുടെ പ്രവർത്തനങ്ങൾ കുറെകൂടി കാര്യക്ഷമമാക്കാനും മനുഷ്യപ്രയത്നം കാഠിന്യമില്ലാത്തതാക്കാനും നമുക്ക് സാധിച്ചേക്കും. നമ്മുടെ മനോഭാവവും സമീപനവും നിയമവ്യവസ്ഥകളും ഇതിനുതക്കവിധത്തിൽ മാറ്റേണ്ടിവരും. ഇന്ന് മനുഷ്യവിഭവശേഷിയുടെ കുറവ് നേരിടുന്ന രാജ്യങ്ങളിൽ കൂലിച്ചെലവ് എല്ലാ പരിധികളും കടന്നുയരുന്നു. ഇത്തരം സാഹചര്യങ്ങളിലെല്ലാം റോബോട്ടുകളെ ഉപയോഗിച്ച് ഉത്പാദനച്ചെലവ് കുറയ്ക്കാനും കഴിയും. പക്ഷേ, വൈകാരികമേഖലയിൽ റോബോട്ടുകൾ വിജയിക്കുമോ? നമ്മുടെ ചൈനീസ് സുഹൃത്തിന്റെ പരീക്ഷണം വിജയിക്കുമോ? നമുക്ക് കാത്തിരിക്കാം.. നിരീക്ഷിക്കാം.